# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 531** **28.02.2017-ൽ മറുപടിയ്ക്ക്**

**പൂതക്കുളത്ത് കെ.എസ്.എഫ്.ഇ ശാഖ ആരംഭിക്കാൻ നടപടി**

| | ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളത്ത് കെ.എസ്.എഫ്.ഇ ശാഖ ആരംഭിക്കുന്നതിലേക്കായി ബഹു. മന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ച് ഫയൽ സമർപ്പിക്കാൻ കെ.എസ്.എഫ്.ഇ.യുടെ എം.ഡിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബ്രാഞ്ച് ആരംഭിക്കുന്നതിനായി എം.ഡി. ഫയൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം പഞ്ചായത്തിൽ പൂതക്കുളം കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ യുടെ ഒരു ശാഖ ആരംഭിക്കുന്നതിനാവശ്യമായ സാദ്ധ്യതാ പഠനം കമ്പനിയുടെ കൊല്ലം റീജിയണൽ അസിസ്റ്റന്റ് ജനറൽ മാനേജർ നടത്തുകയുണ്ടായി. കെ.എസ്.എഫ്.ഇ യുടെ ഒരു ശാഖ വേണമെന്ന താൽപര്യം സ്ഥലവാസികൾ പ്രകടിപ്പിക്കുകയുണ്ടായെങ്കിലും പൂതക്കുളത്തിന് 6 കി. മീ മാത്രം അകലെ പ്രവർത്തിക്കുന്ന കമ്പനിയുടെ പരവൂർ ശാഖയിലെ ബിസിനസ്സിനെ കൂടി ബാധിക്കുമെന്നതിനാൽ പൂതക്കുളത്ത് ഒരു ശാഖ തുടങ്ങുന്നത് ആശാസ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. |
| (ബി) | എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും എന്ന് സ്ഥാപനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.